**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2910** **12-07-2022 - ൽ മറുപടിയ്ക്ക്**

**ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ ആറ് സാമ്പത്തിക വർഷങ്ങളിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനകളുടെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; | (എ) | ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം മത്സ്യബന്ധന വകുപ്പിൻ കീഴിലുള്ള മത്സ്യഫെഡിന്റെ അമ്പലപ്പുഴ വ്യാസാ സ്റ്റോറിൽ നടന്ന സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ റിപ്പോർട്ടിലെ പ്രധാന ശുപാർശകളും ആയതിന്മേൽ സ്വീകരിച്ച നടപടിയും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിൽ മത്സ്യഫെഡുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ ഉണ്ടായിരുന്നോ; ഉണ്ടെങ്കിൽ അതിന്മേൽ നാളിതുവരെ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം മത്സ്യബന്ധന വകുപ്പിൻ കീഴിലുള്ള മത്സ്യഫെഡിന്റെ അമ്പലപ്പുഴ വ്യാസാ സ്റ്റോറിൽ നടന്ന സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ റിപ്പോർട്ടിലെ പ്രധാന ശുപാർശകളും ആയതിന്മേൽ സ്വീകരിച്ച നടപടിയും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1 | അമ്പലപ്പുഴ വ്യാസാ സ്റ്റോറിൽ നടന്ന സാമ്പത്തിക ക്രമക്കേടിൽ ആകെ നഷ്ടമായി കണ്ടെത്തിയിട്ടുള്ള 2,33,78,400/- രൂപ മത്സ്യഫെഡിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും റിപ്പോർട്ടിലെ ഖണ്ഡിക 7.7 ലെ പട്ടികയിൽ നിർദ്ദേശിക്കും പ്രകാരം ഈടാക്കുന്നതിനായി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് 1969 വകുപ്പ് 69 പ്രകാരമുള്ള ആർബിട്രേഷൻ നടപടി മത്സ്യഫെഡ് അടിയന്തരമായി സ്വീകരിക്കേണ്ടതാണ്. | അമ്പലപ്പുഴ വ്യാസാ സ്റ്റോറിൽ നടന്ന സാമ്പത്തിക ക്രമക്കേടിൽ നഷ്ടമായ തുക മത്സ്യഫെഡിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും ഈടാക്കുന്നതിന് ആർബിട്രേഷൻ കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 2 | മത്സ്യഫെഡിലെ അമ്പലപ്പുഴ വ്യാസാ സ്റ്റോറിൽ വരവ് ചെലവ് കണക്കുകൾ 2009 മുതൽ 2018 വരെയുള്ള വർഷങ്ങളിൽ കണ്ടെത്താതിരുന്ന കൺകറന്റ് ആഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ വകുപ്പുതല നടപടികൾ സഹകരണ വകുപ്പ് സ്വീകരിക്കേണ്ടതും അവർ കൈപ്പറ്റിയ യാത്രാ ബത്ത ഉൾപ്പെടെയുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ ടി ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും തിരികെ ഈടാക്കി മത്സ്യഫെഡിനു ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്. | ഇക്കാര്യത്തിൽ സഹകരണ വകുപ്പിൽ നടപടി സ്വീകരിച്ചു വരുന്നതായി അറിയുന്നു. |
| 3 | വ്യാസാ സ്റ്റോറുകളുമായി ബന്ധപ്പെട്ട ഫണ്ട് അലോട്ട്മെന്റ്, നിർമ്മാണം, വിപണനം വിൽപ്പന തുകയുടെ തിരിച്ചടവ് എന്നീ പ്രക്രിയകൾ വിവിധ തലങ്ങളിൽ നടക്കുന്നതിനാൽ ആഡിറ്റ് കാര്യക്ഷമമായി നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. മാത്രമല്ല, വ്യാസാ സ്റ്റോറുകൾ കേന്ദ്രീകരിച്ച് നടക്കാനിടയുള്ള ക്രമക്കേടുകൾ യഥാസമയം കണ്ടെത്തുന്നതിനും നിലവിലുള്ള സംവിധാനം പര്യാപ്തമല്ല. ഈ പരിമിതികൾ മറികടക്കുന്നതിനായി മത്സ്യഫെഡിന്റെ കീഴിലുള്ള മുഴുവൻ വ്യാസാ സ്റ്റോറുകളെയും കോർത്തിണക്കിക്കൊണ്ടുള്ള ഒരു കേന്ദ്രീകൃത ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം ഏർപ്പെടുത്തുന്നതിന് ഭരണ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കേണ്ടതുമാണ്. | മത്സ്യഫെഡിന്റെ വാണിജ്യ സ്ഥാപനങ്ങളിലെ ഇൻവെന്ററി മാനേജ്മെന്റിനായി ഒരു ഐ ടി അധിഷ്ഠിത സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനായി കേരള സ്റ്റാർട്ട് അപ്പ് മിഷൻ വഴി ഒരു സ്റ്റാർട്ട് അപ്പ് കമ്പനിയെ തെരഞ്ഞെടുത്ത് വർക്ക് ഓർഡർ നൽകിയിരുന്നു. എന്നാൽ ടി കമ്പനിയ്ക്ക് വർക്ക് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ മത്സ്യഫെഡിന്റെ ഐ.ടി അധിഷ്ഠിത ടോട്ടൽ ഓട്ടോമേഷൻ പദ്ധതി നടപ്പിലാക്കുന്നതിനോടൊപ്പം ഒരു ഐ ടി അധിഷ്ഠിത ഇൻവെന്ററി മാനേജ്മെന്റ് കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>മത്സ്യഫെഡിന് തനതായ ഒരു ഐ.ടി വിഭാഗം രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| 4 | അമ്പലപ്പുഴ വ്യാസാ സ്റ്റോറിൽ ആഭ്യന്തര ആഡിറ്റ് 2018-19 മാത്രമാണ് നടത്തിയിട്ടുള്ളത്. കൃത്യമായി ആഭ്യന്തര ആഡിറ്റ് നടത്തിയിരുന്നുവെങ്കിൽ 2009-10 വർഷം തന്നെ സാമ്പത്തിക ക്രമക്കേട് കണ്ടെത്താമായിരുന്നു. ആയതിനാൽ ഇത്തരം ക്രമക്കേട് ഒഴിവാക്കുന്നതിന് | മത്സ്യഫെഡിന്റെ ധനകാര്യ വിഭാഗത്തോടൊപ്പം ഇന്റേണൽ ആഡിറ്റ് രൂപീകരിക്കുന്നതിന് നിലവിൽ ജീവനക്കാരുടെ കുറവുണ്ട്. ആയതിനാൽ കരാർ അടിസ്ഥാനത്തിലുള്ളവരെ വിനിയോഗിച്ച് ഇന്റേണൽ ഓഡിറ്റ് നടത്തി |

| | | |
|---|---|---|
| | മത്സ്യഫെഡിൽ കാര്യക്ഷമമായ ആഭ്യന്തര ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി അടിയന്തിരമായി ഭരണവകുപ്പ് സ്വീകരിക്കേണ്ടതാണ്. | വരുന്നുണ്ട്. ഇത് അപര്യാപ്തമാണ്. മത്സ്യഫെഡിന് തനതായ ഒരു ആഭ്യന്തര ആഡിറ്റ് സംവിധാനം ആവശ്യമാണെന്ന് അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് റിപ്പോർട്ടുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കേരള പ്രൊഡക്ടിവിറ്റി കൗൺസിൽ നടത്തിയ പഠന റിപ്പോർട്ടിലും തനതായ ഇന്റേണൽ ഓഡിറ്റ് സംവിധാനം ആവശ്യമാണെന്നും ഒരു മാനേജർ (ഫിനാൻസ്), അസിസ്റ്റന്റ് മാനേജർ, രണ്ട് അക്കൗണ്ട്സ് ഓഫീസർ എന്നിവരുൾപ്പെട്ടതാകണമെന്നും ആവശ്യപ്പെട്ടിരുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ മത്സ്യഫെഡിൽ കാര്യക്ഷമമായ ആഭ്യന്തര ആഡിറ്റ് സംവിധാനം (ഇന്റേണൽ ആഡിറ്റ്) ഏർപ്പെടുത്തുന്നതിന് ആവശ്യമായ തസ്തിക പുനഃക്രമീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| 5 | അമ്പലപ്പുഴ വ്യാസാ സ്റ്റോർ ഉൾപ്പെടെയുള്ള മത്സ്യഫെഡിന്റെ കീഴിലുള്ള വ്യാസാ സ്റ്റോറുകളിൽ അടിയന്തരമായി ഫയർ ആന്റ് സേഫ്റ്റി ആഡിറ്റ് നടത്തേണ്ടതും അഗ്നിശമന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. | മത്സ്യഫെഡിന്റെ കീഴിലുള്ള വ്യാസാ സ്റ്റോറുകളിൽ അടിയന്തരമായി അഗ്നിശമന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള സർക്കുലർ എല്ലാ ജില്ലാ മാനേജർക്കും ഇ 1/2424/2020 നമ്പർ പ്രകാരം 16/12/2011 തീയതിയിൽ നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വ്യാസാ സ്റ്റോർ ഒഴികെയുള്ള എല്ലാ സ്റ്റോറുകളിലും അഗ്നിശമന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഫയർ & സേഫ്റ്റി ഉദ്യോഗസ്ഥർ അമ്പലപ്പുഴ വ്യാസാ സ്റ്റോർ സന്ദർശിക്കുകയും ടി കെട്ടിടത്തിന്റെ ഇലക്ട്രിക് വയറിംഗ് സംവിധാനം മാറ്റി സ്ഥാപിക്കണമെന്ന് അറിയിച്ചത് കെട്ടിട ഉടമയെ അറിയിച്ചിട്ടുണ്ട്. കൂടാതെ അമ്പലപ്പുഴ വ്യാസാ സ്റ്റോറിനായി മത്സ്യഫെഡ് ജില്ലാ ഓഫീസിനോട് ചേർന്ന് കിടക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതോടൊപ്പം ടി സംവിധാനം സ്ഥാപിക്കുന്നതാണ്. |